പരമ്പരാഗത ചികിത്സാരീതി

38 (2247) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. റ്റി. ജോർജ്ജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത ചികിത്സാരീതികളുടെ പരിപോഷണത്തിന് പുതിയ വകുപ്പ് രൂപീകരിക്കുന്നതിന് തീരുമാനമായോ ; വിശദമാക്കുമോ ;

(ബി) പരമ്പരാഗത ചികിത്സാരീതികളിൽ ഏതൊക്കെ വിഭാഗങ്ങളാണ് ഉൾപ്പെടുന്നതെന്നും ഇത് അഭിമുഖീകരിക്കുന്ന പ്രതിബന്ധങ്ങളെന്തെന്നും വിശദമാക്കുമോ ;

(സി) പ്രസൂത ചികിത്സയുമായി ബന്ധപ്പെട്ട് ചികിത്സകരുടെ നിയമനം, ആരോഗ്യ പരിപാലനം എന്നിവ എങ്ങനെയാണ് നിർവ്വഹിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ബഡ്ജറ്റിൽ ഇതിനായി പണം വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) തീരുമാനമായിട്ടുണ്ട്. 18-6-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 124/2015/ആകവ പ്രകാരം ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളുടെ വികസനം ലക്ഷ്യമാക്കി ആയുർവേദം, യോഗയും പ്രകൃതി ചികിത്സയും, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായാണ് ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുള്ളത്.

(ബി) ഇതിൽ ആയുർവേദം, യോഗയും പ്രകൃതി ചികിത്സയും, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നീ ചികിത്സാവിഭാഗങ്ങൾ ഉൾപ്പെടുന്നു. പ്രതിബന്ധങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേന്ദ്ര ആയുഷ് മന്ത്രാലയം സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ, സംസ്ഥാന ആയുഷ് വകുപ്പ് മുതലായ വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും സ്പെഷ്യൽ റൂളിന്റെയും അടിസ്ഥാനത്തിലാണ് ചികിത്സകരുടെ നിയമനം, ആരോഗ്യ പരിപാലനം എന്നിവ നിർവ്വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളുടെ വികസനത്തിന് 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 125 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. കൂടാതെ കേന്ദ്രസഹായം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തേയ്ക്ക് നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് ആന്വൽ ആയുഷ് പ്ലാൻ പ്രകാരം 1106.747 ലക്ഷം രൂപയുടെ പ്രൊപ്പോസലും സമർപ്പിച്ചിട്ടുണ്ട്.

ക്യാൻസർ രോഗികളുടെ എണ്ണം

39 (2248) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച് വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ക്യാൻസർ രോഗികളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടത്തിയിട്ടില്ല.

(സി) സംസ്ഥാനത്തെ മൊത്തം ക്യാൻസർ രോഗികളുടെ എണ്ണം കൃത്യമായി ലഭ്യമല്ല. എന്നാൽ കേരളത്തിൽ ഓരോ വർഷവും അമ്പതിനായിരത്തോളം പുതിയ ക്യാൻസർ കേസ്സുകൾ കണ്ടുപിടിക്കപ്പെടുന്നുണ്ട്.

ക്യാൻസർ രോഗികളുടെ വർദ്ധന

40 (2249) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly